# പ്രതീക്ഷ

ഊർമിളേ, ഇങ്ങട്ടു വരൂ കുട്ടീ. ആ മുടിയിലൊക്കെ കുറച്ചെണ്ണ തേക്കട്ടെ. ഇതെന്ത് കോലമാണ്? മുടി തന്നെയാണോ ഇത് അതോ മനുഷ്യ ശരീരത്തിൽ വളരുന്ന കാടോ? മുടിപൊട്ടാത്ത ഇടക്കൊക്കെ എടുത്തുതരാം. വരൂ. മുത്തശ്ശി എപ്പോഴും ഇങ്ങനെയാണ്. തന്റെ മുടി, മുഖം കാല്, കൈ എല്ലാം നല്ലതാക്കാൻ ശ്രമിച്ചു കൊണ്ടേയിരിക്കും. ആർക്കു വേണ്ടിയാണിതൊക്കെയിങ്ങനെ നന്നാക്കി വയ്ക്കുന്നത്?. താൻ സുന്ദരി തന്നെയാണ്. സമൂഹത്തിൽ സൗന്ദര്യം എന്നതിന് ഒരു കാഴ്ച്ചപ്പാടേയുള്ളൂ. അത് ചില മനസ്സുകളിൽ വ്യത്യസ്ത രീതിയിലായാൽ ഈ നന്നാക്കലിന്റെ ആവശ്യമില്ല. ഊർമിള ചിന്തിച്ചു. പോകാൻ വിമുഖതയുണ്ടായിട്ടും മുത്തശ്ശിയായതുകൊണ്ട് പോയി. എന്തു പറഞ്ഞാലും മുത്തശ്ശിക്ക്

ടെ വിളികൾക്കായി കാതോർക്കാതിരി-
ക്കാൻ തനിക്കാകുകയില്ല. സന്ധ്യയ്ക്ക് അച്ഛൻ
വന്നു. അച്ഛൻ വരുന്ന സമയമാകുമ്പോൾ
വീട്ടിലൊരു മേളമാണ്. അമ്മ തോർത്തും മുണ്ടും
എടുക്കാനോടും. ചായ, പലഹാരം ഇതൊക്കെ തയ്യാ
റാക്കണം. കിണ്ടിയിൽ വെള്ളം നിറച്ച് ഉമ്മ-
ത്ത് വയ്ക്കണം. പത്രം ആരും തൊടാ
ത്ത രീതിയിൽ മടക്കി ചാരുകസേരക്കയ്യിൽ
വയ്ക്കണം. ഊർമിള ഇതിലൊന്നും കൂടാറില്ല.
ഇതൊക്കെ അച്ഛന് തനിയെ ചെയ്യാവുന്ന കാര്യ
ങ്ങളാണെന്നാണവളുടെ പക്ഷം. എങ്കിലും
അമ്മ കണ്ണുതുറിച്ചൊരു നോട്ടം നോക്കിയാ
ൽ മേശയിൽ പലഹാരവും ചായയും
എടുത്തുവയ്ക്കാനവൾ വിമുഖത കാട്ടാറില്ല.
എന്തെങ്കിലുമൊന്നു തെറ്റിയാൽ അച്ഛൻ
കോപം കൊണ്ട് ഉറഞ്ഞുതുള്ളും. അത്
താങ്ങാൻ ആരെക്കൊണ്ടും കഴിയില്ല. ഊർമി
ളയ്ക്ക് ജാതകത്തിൽ എന്തോ പിഴവുള്ള
തിനാൽ വിവാഹം 23 വയസ്സിനു മുൻപ്

നടത്തണമെന്ന് ജോത്സ്യൻ പറഞ്ഞിട്ടുണ്ട്.
ഒൻപതാം ക്ലാസിൽ പഠിക്കുന്ന 14 വയസ്സു
ള്ള അവളുടെ അച്ഛൻ തന്റെ പരുക്കൻ
ശബ്ദത്തിൽ എപ്പോഴും ഓർമ്മിപ്പിക്കും. "23
വയസ്സ് വരെ മതി പഠിപ്പ്. അത് കഴിഞ്ഞാൽ
നിർത്തിക്കോണം എല്ലാം". അമ്മയും അച്ഛനെ
പിന്താങ്ങും. മുത്തശ്ശി മാത്രം അവളെ ആശ്വ
സിപ്പിക്കും. എന്റെ കുട്ടി 23ന് മുൻപ് നന്നാ-
യി പഠിച്ച് ഒരു ജോലി സമ്പാദിക്കണം.
അല്ലെങ്കിലേ നിന്റെ സ്വന്തം കാലിൽ നിൽക്കാൻ
നിനക്ക് കഴിയുകയുള്ളൂ. പുരാവസ്തു ഗവേ
ഷകയാവണം എന്ന് അത്യാഗ്രഹമുള്ള അവൾ
ആ ജോലിക്ക് പഠിക്കേണ്ട തലങ്ങൾ 23
ന് മുൻപേ നടക്കില്ല എന്നാവർത്തിച്ചു
പറഞ്ഞ് അമ്മയെ ബോധ്യപ്പെടുത്താൻ
ശ്രമിച്ചെങ്കിലും കഴിഞ്ഞില്ല. എപ്പോഴും അമ്മ-
യ്ക്ക് പറയാൻ ഒരു കഥയേ ഉണ്ടായിരുന്നുള്ളൂ
6-ാം ക്ലാസിൽ പഠിപ്പ് നിർത്തി 18-ാം വയ
സ്സിൽ കല്യാണം കഴിച്ച കഥ. മകൾ23ാം അതേ

വഴിക്ക് പോകണമെന്നവൾ ആവർത്തിച്ചു പറഞ്ഞു. നാട്ടുനടപ്പ് തെറ്റിച്ചാൽ നാട്ടുകാരെന്തു ചിന്തിക്കുമെന്ന ശക്തമായ ചിന്ത ഓരോ നിമിഷവും മനസ്സിൽ ഉടലെടുത്തതിന്റെ ഫലമായിരുന്നതത്. രാത്രിയിലെ മഴ ഒരിക്കലെങ്കിലും നനയണമെന്നവൾക്കാഗ്രഹമുണ്ടായിരുന്നു. വെറും വ്യാമോഹമാണെന്നറിയാമായിരുന്നിട്ടും എന്തിനോ വേണ്ടി അവളാഗ്രഹിച്ചു. ഒരിക്കൽ ആരുമറിയാതെ അവളുടെ ആഗ്രഹം സാധിച്ചു. രാത്രി റോഡിലൂടെയങ്ങനെ നടക്കണം. രാത്രിയുടെ പേടിപ്പിക്കുമെങ്കിലും ആനന്ദം തരുന്ന നിശബ്ദതയെ ആസ്വദിക്കാനായിരുന്നു അത്. ഒരു അമാവാസി രാത്രിയിൽ എല്ലാവരും ഉറങ്ങിയ ശേഷം അവൾ പുറത്തിറങ്ങി. രാത്രിയെ ആസ്വദിച്ച്, അതിന്റെ മത്തുകൊണ്ട്, തനിയെ എന്തോ സംസാരിച്ച് ഒരു നടത്തം. നടത്തം നീണ്ടുനീണ്ടുപോയി. മകളെ കാണാതെ അച്ഛനുമമ്മയും വീട്ടിനു

ചൂട്ടം നടന്നു. തിരികെയെത്തിയപ്പോൾ അച്ഛന്റെ കൈയിൽ ചൂരൽ കമ്പുണ്ടായിരുന്നു. പിന്നെ ഒരാഴ്ചത്തേക്ക് അവൾ സ്കൂളിൽ പോയില്ല. അവളുടെ ഒരു പാഠം പഠിപ്പിക്കാനുള്ള അച്ഛന്റെ വിലക്കായിരുന്നു അത്. അമാവാസിക്ക് പെൺകുട്ടികൾ വീടിനു പുറത്തിറങ്ങരുത്. പിശാചു-ക്കൾ ഇറങ്ങി നടപ്പുണ്ട്. പെൺ കുട്ടികളെ പിടിക്കാൻ. അവളെ വീട്ടിൽ പൂട്ടിയിട്ടതിന്റെ ഏക കാരണം അതായിരുന്നു. മുത്തശ്ശി പലവട്ടം പേരക്കുട്ടിക്ക് വേണ്ടി മകന്റെ യടുത്ത് കെഞ്ചിയെങ്കിലും അവരെ ഒന്ന് നോക്കാൻ കൂടി അച്ഛൻ തയ്യാറായില്ല. പെണ്ണിന്റെ വാക്ക് നാശത്തിലേക്ക് നയിക്കുമെന്ന് സമൂഹത്തിന്റെ കോണുകളിൽ നിന്നെല്ലാം അയാൾ കേട്ടു. ആ സംഭവം മനസ്സിൽ വിരലുകൾ ~~വ~~ വരെ ആഴത്തിൽ ആഴ്ത്തിയിരുന്നു.. പണ്ടു മുതലേ അവൾ കേൾക്കുന്നതാണ് ഊർമിളയുടെ കഥ. മുത്തശ്ശിക്ക് പുരാണത്തിലെ കഥയെല്ലാം അറിയാം. എല്ലാമവൾ

കേട്ടിട്ടുള്ളതുമാണെങ്കിലും മുത്തശ്ശിക്കും
പേരക്കുട്ടിക്കും ഊർമിളയുടെ കഥതന്നെയായിരു
ന്നു പ്രിയപ്പെട്ടത്. കഥയവസാനിക്കുമ്പോൾ
മുത്തശ്ശി പറയും. നിനക്ക് ഞാൻ വച്ച
പേര് മറ്റൊന്നായിരുന്നു. നിന്റെ അച്ഛൻ
എന്റെ വാക്കിനെ ചെവിക്കൊണ്ടതേയില്ല.
ഊർമിളയങ്ങനെ വളർന്നുകൊണ്ടേയിരുന്നു.
പുതിയ വർഷങ്ങളിൽ ഓരോരുത്തരും പുതിയ
നല്ല തീരുമാനങ്ങളെടുത്തപ്പോൾ അവളുടെ
അച്ഛൻ മാത്രം വിലക്കുകളുടെ മതിലക-
ങ്ങൾക്കുള്ളിലവളെ അടച്ചിട്ടു. ഓരോ
വർഷവും മതിലിന്റെ കനവും നീളവും
കൂടിക്കൊണ്ടിരുന്നു. അവൾക്കിഷ്ടപ്പെട്ട ഉദ്യോഗ
ത്തിനായി പഠിക്കാൻ വിട്ടില്ല. പകരം നഴ്സി-
ങ്ങിനയച്ചു. പെട്ടെന്ന് ജോലികിട്ടാൻ. അതിൽ
നിന്നുള്ള പണംകൂടി സ്വരുക്കൂട്ടിക്കൊണ്ട്
സ്ത്രീധനം 110 പവൻ തികയ്ക്കാൻ. സൂചി
കണ്ടാൽ തലകറങ്ങിവീഴുന്ന അവൾ നഴ്സിങ്ങ്
എങ്ങനെ പഠിച്ചുതീർത്തു എന്നവൾക്കുതന്നെ

സംശയമാണ്. ഇപ്പോഴും. 23 വയസ്സായപ്പോൾ
ഊർമിളയ്ക്കായുള്ള വിവാഹ ആലോചന
കളെത്തിത്തുടങ്ങി. ഉണ്ടായിരുന്ന ജോലി
അച്ഛൻ മൂലേന നഷ്ടപ്പെട്ടു. മകൾ ആവശ്യ
ത്തിന് സമ്പാദിച്ചപ്പോൾ അത് മുഴുവൻ
കൈക്കലാക്കി ജോലി അവസാനിപ്പിച്ചു
കൊള്ളാൻ അവളോട് പറഞ്ഞു. ഒരക്ഷരം
ഇന്നവരെ അച്ഛനോട് മറുത്തുപറയാൻ
അവൾക്ക് കഴിഞ്ഞിട്ടില്ല. അത് ഇന്നയവസര
ത്തിലും സംഭവിച്ചു. ഊർമിളയ്ക്കന്നും കൂട്ടു
കമായിരുന്ന നക്ഷത്രങ്ങൾ. ആ കുഞ്ഞുവെട്ട
ത്തിനുള്ളിലവ എന്തൊക്കെയോ വലിയ കാര്യ
ങ്ങളെ ഒളിപ്പിക്കുന്നതുപോലെയവൾക്ക് എപ്പോഴും
തോന്നാറുണ്ട്. ചു330 എല്ലാവരുമുണ്ടെങ്കിലും
ഓരോ നക്ഷത്രവും ഏകാന്ത താരകങ്ങളാ
ണെന്ന് അവൾ തന്റെ ഡയറിയിലെപ്പോഴോ
കുറിച്ചിട്ടു. ചിലപ്പോൾ ആ വെട്ടത്തിനപ്പുറ
ത്തെ ലോകത്തെ തേടിപ്പോകാൻ അതിയായി
ആഗ്രഹിച്ചു. പാട്ടുകേട്ടുകൊണ്ടാണ് അവളുടെ

പാനനിരിക്കണം. കൂടുതലും വയലിൻ പാടുന്ന പാട്ടിനേക്കാൾ ഭംഗി ഉപകരണസംഗീതത്തിനാണ് എന്നതാണ് ഊർമിളയുടെ പക്ഷം. ചിലപ്പോൾ സംഗീതത്തിന് നമ്മുടെ വിഷമങ്ങളെ നമ്മുടെ തന്നെ മനസ്സിൽ ചിത്രീകരിച്ച് "നിന്റെയുള്ളിലേക്ക് നോക്കൂ നിനക്കുള്ള പരിഹാരം അവിടെയുണ്ട്" എന്ന് പറയാനുള്ള കഴിവുണ്ട്. ഊർമിള സംഗീതത്തിന്റെ ആരാധികയായത് ഈ കാരണം കൊണ്ടാണ്.

ആമിയെ ഏറെ വായിച്ച അവൾക്ക് തന്റെ വീടുമായി പൊരുത്തപ്പെടാൻ കൂടും അവളെ കഴിയുന്നുണ്ടായിരുന്നില്ല. ഒരു ദിവസം രാവിലെ അച്ഛൻ വലിയ സന്തോഷത്തിൽ വീട്ടിൽ വന്നു. എന്നിട്ടവളെ അടുത്തുവിളിച്ചു. നിനക്കുള്ള ചെക്കനെ ഞാൻ കണ്ടുപിടിച്ചു. പ്രായം കൂടിയാലോ, രണ്ടാം വിവാഹമാണെന്നോ ഉള്ള കാര്യത്തിൽ ഒരു കുഴപ്പവുമില്ല. നല്ല മഹിമയുള്ള തറവാട്ടുകാർ. ചെക്കന് ഉദ്യോഗം ബോംബിലാണ്. ഇനിയെനിക്കൊന്ന്

നടുനിവർത്താം. കല്യാണത്തോടുകൂടി ആ ഭാരം ഒഴിഞ്ഞു. അവൾക്കൊന്നും മിണ്ടാനായില്ല. തിരികെ വന്ന് മുറിയിലെ കട്ടിലിൽ കിടക്കുമ്പോൾ അവൾ ചിന്തിച്ചു. ഞാനാരായിരുന്നു? എന്തായിരുന്നു? ആർക്കുവേണ്ടിയാണ് ഇത്ര കാലം ജീവിച്ചത്? എന്തായാലും എനിക്കുവേണ്ടിയല്ല. ഈ സമൂഹത്തിന്റെയൊരു കളിപ്പാവയായിരുന്നു താൻ. ആ കളിപ്പാവയെ അച്ഛനമ്മയും ഒരുക്കി സമൂഹത്തിന്റെ മുൻപിൽ വച്ചു. അതിനോട് ആടാൻ പറഞ്ഞു, പാടാൻ പറഞ്ഞു, കരയാൻ പറഞ്ഞു ചിരിക്കാൻ പറഞ്ഞു. എല്ലാം പാവ ചെയ്തു. അന്നരാത്രി അവളൊരു സ്വപ്നം കണ്ടു. ഒരു കൊച്ചുറുമ്പ്. അതിനെ ആരോ ഒരു കൊച്ചു പ്ലാസ്റ്റിക് കൂടുകൊണ്ട് അടച്ചു വച്ചിരിക്കുകയാണ്. കൂടിന്റെ മുകളിൽ ഒരു ദ്വാരമുണ്ട്. ആ കൂടിനു കുറച്ചപ്പുറത്തായി നക്ഷത്രത്തിന്റെ ആകൃതിയിലുള്ള പഞ്ചാരക്കട്ടകൾ. കുറേയെണ്ണം. ഉറുമ്പിന് പഞ്ചാരക്കട്ട വേണമെന്നുണ്ട്

ആ ദ്വാരത്തിലേക്ക് ഇഴഞ്ഞു കയറാൻ
തനിക്കാവുമെന്നറിയാമെങ്കിലും അത് വിമുഖത
കാട്ടുകയാണ്. എന്തിനോ വേണ്ടി. ആർക്കോ
വേണ്ടി. ഒരു ദിവസം ഉറുമ്പ് ഒന്നിനെയും
വകവെയ്ക്കാതെ ഇഴഞ്ഞു കയറി. ദ്വാരത്തിന
ടുത്തെത്തി. ദ്വാരം കടന്ന് പുറത്തുവന്നു.
പഞ്ചാരക്കട്ടയോരോന്നായി തിന്നാൻ തുടങ്ങി.
തിന്നു തിന്നു തിന്ന് അതുമുഴുവൻ തീർത്തു.
പെട്ടെന്ന് ആ ഉറുമ്പിന് രണ്ട് ചിറകുമുളച്ചു.
അത് ആകാശത്തെ നക്ഷത്രങ്ങളെ ലക്ഷ്യമാ
ക്കി പറന്നു. അന്ന് രാവിലെയവൾ ഒരു
അച്ഛനോട് പറഞ്ഞു. "ഇനിയും നിങ്ങളുടെ
കളിപ്പാവയാകാൻ എനിക്കുകഴിയില്ല. എന്നെ
തളച്ചിട്ടിരുന്ന മതിൽക്കെട്ടിൽ ഞാൻ മാത്ര
മായിരുന്നില്ല. നിങ്ങളുടേതും ഉണ്ടായിരുന്നു. അതി
ന്റെ നിർമ്മാതാവ് സമൂഹമാണ്. ഇനിയവിടെ
നിങ്ങൾ ഒറ്റയ്ക്കാണ്. ഞാൻ പോകുന്നു.
എങ്ങോട്ടുപോകണമെന്ന്
ഒരു തരത്തിലും അറിവില്ലായിരുന്നു എങ്കിലും

കടലിനെ ലക്ഷ്യം വച്ചവൾ നടന്നു. അവിടെയെത്തിയപ്പോൾ വിങ്ങിപ്പൊട്ടാൻ കാത്തുനിന്ന ആകാശം ഉറക്കരച്ചിൽ. അവൾ വേറെ തണലന്വേഷിച്ച് ഓടിയില്ല. അവിടെ തന്നെ നിന്നു. മഴ നനഞ്ഞു. കരയണമെന്നു തോന്നിയപ്പോൾ കരഞ്ഞു. ആ കണ്ണുനീർ വിഷമത്തിന്റേതാണോ സന്തോഷത്തിന്റേതാണോ അവൾക്കുപോലും തിരിച്ചറിയാനായില്ല. പെട്ടെന്ന് അവൾ എവിടെയോ വായിച്ചത് ഓർത്തു. 'പ്രതീക്ഷ', മനുഷ്യനെ മനുഷ്യനാക്കുന്ന ഒന്ന്. അവളിന്നിറങ്ങി തിരിച്ചതും അതിന്റെ പുറത്തുതന്നെ. ~~[illegible]~~ ഉനർമിതയെന്ന അവൾക്ക് അമ്മമ്മ വച്ച പേരും അതുതന്നെയായിരുന്നു 'പ്രതീക്ഷ'.